Draft #117 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 18-Dec-2020 10:45 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം: പി.എച്ച്.ഡി. പ്രബന്ധ മൂല്യനിർണ്ണയം - വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനങ്ങൾ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 5913/AD A1/2020/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 18.12.2020

---

*പരാമർശം:*-03.12.2020 തീയതിയിൽ വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൻറെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സർവ്വകലാശാലയിലെ പി.എച്ച്.ഡി. പ്രബന്ധ മൂല്യനിർണ്ണയം സംബന്ധിച്ച്, പരിശോധകരുമായി നടത്തുന്ന ആശയവിനിമയം, പി.എച്ച്.ഡി. വൈവയിൽ ചെയർമാൻ എന്ന നിലയിൽ പങ്കെടുക്കുന്നവർക്ക് ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് 03.12.2020 -ന് വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ താഴെ പരാമർശിച്ചിരിക്കുന്ന നടപടികൾ കൈക്കൊള്ളുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുവാൻ സൂചന പ്രകാരം തീരുമാനിച്ചിരിക്കുന്നു.

1. പി.എച്ച്.ഡി. സിനോപ്സിസ് സമർപ്പിക്കൽ, പ്രബന്ധത്തിൻറെ മൂല്യ നിർണ്ണയം, പാനൽ സമർപ്പണം, എക്സാമിനറെ തിരഞ്ഞെടുക്കൽ മുതലായവ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ ചിട്ടപ്പെടുത്തി സിൻഡിക്കേറ്റിൻറെ റിസർച്ച് ആൻഡ് ഡെവലപ് മെൻറ് ഉപസമിതി മുൻപാകെ സമർപ്പിക്കുന്നതിന്.
2. പി.എച്ച്.ഡി. വൈവയ്ക്ക് എത്തുന്ന ചെയർമാൻറെ ഓണറേറിയം, റ്റി.എ./ ഡി.എ. മുതലായവ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ച് സിൻഡിക്കേറ്റിൻറെ ധനകാര്യ ഉപസമിതി മുൻപാകെ സമർപ്പിക്കുന്നതിന്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട സെക്ഷനുകൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണം/അക്കാദമികം/ ധനകാര്യം/ പരീക്ഷാ)
5. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യൂ.എ.സി./എ.ഡി.എ.4
6. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം